എല്പിച്ചതിനെപ്പറ്റി ഒരു പെറ്റീഷൻ ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെൻറ് വഴി പോലീസ് ഡിപ്പാർട്ട്മെൻറിൽ കിട്ടീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്ത് നടപടി നടത്തിയെന്നു പ്രകാശിപ്പിക്കുമോ;

(സി) ഡിപ്പാർട്ട്മെൻറിൽ നിന്നും ഹർജിക്കാരനു് അയച്ച മെമ്മോയുടെ കോപ്പി അനുബന്ധമായി ചേർക്കുമോ?

റാവു ബഹദൂർ എം. നാരായണമേനോൻ:

(എ) ഉണ്ടു്.

(ബി) കേസ്സു് റജിസ്റ്റർചെയ്യണമെന്നപേക്ഷിച്ചതിൽ അന്യായം തിരെ കള്ളവാണെന്നു കണ്ടതിനാൽ അയതു റഫർചെയ്യുക. കള്ള അന്യായം ബോധിപ്പിച്ചതിനു് അന്യായക്കാരന്റെ പേരിൽ നടപടി നടത്തുവാനും ഈ വിദ്യാർത്ഥി ഒരു ദുസ്വഭാവിയും, മുൻകോപക്കാരൻ അല്പനുമായതിനാൽ ഇയാൾക്കു് ഗവൺമെൻറിൽ നിന്നു കൊടുത്തുവരുന്ന സ്റ്റൈപ്പൻറു് നിറുത്തൽ ചെയ്യേണ്ടതിനും വേണ്ടപ്പെട്ട നടപടികൾ നടത്തുവാനും തീർപ്പുപ്പെടുത്തീട്ടുണ്ടു്.

(സി) പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു (നം-ാം അനുബന്ധം നോക്കുക).

## MULANTHURUTHI CHURCH ROAD—WIDENING OF

**449. Mr. V. J. Mathai** *(Planters):* Will the Government be pleased to state whether any action has been taken to widen the corner to the west of the Mulanthuruthi Church?

**Mr. V. K. Aravindaksha Menon** *(Chief Engineer):* Yes.

## TIRUVANKULAM—KIZHAKKUMPURAM PADAM—OPENING UP OF

**450. Mr. V. J. Mathai** *(Planters):* Will the Government be pleased to state whether any action is being taken to open up Kizhakkumpuram padam lying to the west of Thiruvankulam to connect it with the Karingachira padam and from there to the west to drain the excess water from the aforesaid Kizhakkumpuram padam?

**Mr. V. K. Aravindaksha Menon** *(Chief Engineer):* No.

## RURAL DEVELOPMENT CENTRE—DISTRIBUTION OF SEEDS

**451.** മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സദയം മറുപടി പറയുമോ.—

(എ) ചേർപ്പു് ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ നിന്നു കാർഷിക വിത്തുകൾ വിതരണം ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ വിതരണ വ്യവസ്ഥകൾ എന്തെല്ലാം;

(സി) വിതരണം ചെയ്തിട്ടുള്ളത് ആർക്കൊക്കെ; അവരുടെ വില്ലേജ്, ജാതി, പേര് മുതലായവ വിശദമായികാണിക്കണം;

(ഡി) വിതരണം ചെയ്യുമ്പോഴത്തെ വ്യവസ്ഥപ്രകാരം വിത്തുകൾ വാങ്ങിക്കൊണ്ടുപോയവർ പ്രവൃത്തിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതു സംബന്ധമായി എന്തു നടപടി വിഷുക്കാരുടെ മേൽ എടുത്തിട്ടുണ്ട്;

(എഫ്) ഈ വിത്തുകൾ കേന്ദ്രത്തിലേക്ക് എവിടെ നിന്നു കിട്ടി;

(ജി) വിതരണംചെയ്ത വിത്തുകൾക്ക് ഗവൺമെന്റിന്ന് വല്ല വിലയും കൊടുക്കേണ്ടിവന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു കൊടുത്തു;

(എച്ച്) ഏതെല്ലാം ഇനത്തരങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഉണ്ട്.

(ബി) കായ്കറി വിത്തുകൾ സൌജന്യം, നെൽവിത്ത് ഫാ ശതമാനം പലിശക്ക്.

(സി) പേര്, വില്ലേജ്, ജാതി ഇവ കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് (ഫാ-ാം അനുബന്ധം നോക്കുക).

(ഡി) ഉണ്ട്.

(ഇ) (ഡി)യിലെ ചോദ്യോത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

(എഫ്) സെൻട്രൽ ഫാമത്തിൽ നിന്ന്.

(ജി) വിതരണ ആവശ്യത്തിലേക്കായി ക. ഫ—ര—ാ വിലക്കുള്ള കായ്കറി വിത്തുകളും, ഫസൽ ക. വിലക്കുള്ള നെൽവിത്തുകളും സെൻട്രൽ ഫാമത്തിൽനിന്നു തന്നിട്ടുണ്ട്. ഗ്രാമോദ്ധാരണത്തിനായി കൃഷി ഡിപ്പാർട്ട്മെന്റിൽ വെച്ചിട്ടുള്ള ൪,൦൦൦ ഉറുപ്പികയിൽ നിന്നാണ് ഇവയുടെ വില വകവെച്ചിരിക്കുന്നത്.

(എച്ച്) കായ്കറി വിത്തുകളും, നെൽവിത്തുകളും.

## RURAL DEVELOPMENT CENTRE—PURCHASE OF AGRICULTURAL IMPLEMENTS

**452.** മിസ്റ്റർ കെ. എസ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു മയവായി മറുപടി പറയുമോ.—

(എ) ചേപ്പു ഗ്രാമോദ്ധാരണകേന്ദ്രത്തിൽ കർഷകരുടെ ആവശ്യത്തിനുള്ള പണിയായുധങ്ങൾ Implements ഗ്രാമീണർക്ക് വിതരണം ചെയ്യുവാൻ വാങ്ങിച്ചവ എന്തെല്ലാം;

(ബി) എന്തു വീതം വിലക്ക്, എവിടെ നിന്ന്, ആർ വാങ്ങി;

(സി) ഇവകൾ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly